# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4545 — 26/06/2014 -ൽ മറുപടിക്ക്

### സബ് രജിസ്ട്രാർ ഓഫീസുകളിലെ ഓൺലൈൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ;<br>" കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>" കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ);<br>ശ്രീമതി. കെ.കെ.ലതിക : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ അപേക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | എ) തിരുവനന്തപുരം ജില്ലയിലെ 41 സബ് രജിസ്ട്രാർ ഓഫീസുകളിൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റ്, ആധാരപകർപ്പ്, വിവാഹരജിസ്ട്രേഷൻ എന്നിവയ്ക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സൗകര്യം മറ്റ് ജില്ലകളിൽകൂടി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| ബി) സാധാരണക്കാരായ ജനങ്ങൾക്ക് അത്യാവശ്യമായിട്ടുള്ള സർട്ടിഫിക്കറ്റുകൾക്കുവേണ്ടിയുള്ള അപേക്ഷകൾ ഓൺലൈനിലൂടെ മാത്രമാക്കിയതു മൂലം വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഓൺലൈൻ സംവിധാനം നടപ്പിലാക്കിയ ഘട്ടത്തിൽ അപേക്ഷ സമർപ്പിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നതായി ചൂണ്ടിക്കാട്ടി ചില പരാതികൾ ലഭിച്ചിരുന്നു. പദ്ധതി ആരംഭഘട്ടത്തിലായതിനാൽ ഈ സംവിധാനം ഐച്ഛികമായി പ്രയോജനപ്പെടുത്തുവാനുള്ള പ്രത്യേക നിർദ്ദേശം നൽകിയിരുന്നു. പൊതുജനങ്ങളുടെ സൗകര്യാർത്ഥം അപേക്ഷാവിവരങ്ങൾ സമർപ്പിക്കുന്നതിന് അക്ഷയകേന്ദ്രങ്ങളുടെ സൗകര്യവും പ്രയോജനപ്പെടുത്താവുന്നതാണെന്നും അറിയിച്ചിരുന്നു.<br>ഓൺലൈൻ മുഖാന്തിരമല്ലാതെ സബ് രജിസ്ട്രാർ ഓഫീസുകളിൽ നേരിട്ട് സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിച്ച് ബന്ധപ്പെട്ട ജീവനക്കാർതന്നെ ഡേറ്റാ എൻട്രി നടത്തി സർട്ടിഫിക്കറ്റ് തയ്യാറാക്കി നല്കണമെന്ന് സബ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകി |

യിരുന്നു. ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന സംശയങ്ങൾ ഫോൺ മുഖാന്തിരം ദൂരീകരിക്കുവാൻ രജിസ്ട്രേഷൻ വകുപ്പിലെ ഐ.റ്റി വിഭാഗത്തിൽ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിരുന്നു.

| | |
|---|---|
| സി) അപേക്ഷാ ഫാറത്തിന് എത്ര രൂപയാണ് മുമ്പ് ഈടാക്കിയിരുന്നത് ; | സി) നിശ്ചിത മാതൃകയിൽ വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ഉപയോഗിച്ച് സർട്ടിഫിക്കറ്റിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷാ ഫോറത്തിന് തുകയൊന്നും ഈടാക്കുവാൻ ബന്ധപ്പെട്ട നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. |
| ഡി) ഓൺലൈൻ അപേക്ഷ നൽകാൻ സാങ്കേതികവിദ്യയിൽ പ്രാപ്തിയില്ലാത്ത ജനങ്ങൾക്ക് വൻതുക ചെലവഴിക്കേണ്ടിവരുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഡി) ഓൺലൈൻ അപേക്ഷ നൽകുവാൻ സാങ്കേതിക വിദ്യയിൽ പ്രാപ്തിയില്ലാത്ത ജനങ്ങൾക്ക് അപേക്ഷകൾ ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസുകളിൽ നേരിട്ട് സമർപ്പിക്കാവുന്നതാണ്. കൂടാതെ അപേക്ഷകൾ സമർപ്പിക്കുന്നതിന് അക്ഷയ കേന്ദ്രങ്ങളുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിന് വൻ തുക ഈടാക്കുന്നതായിട്ടുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.